"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം-ജീവനക്കാര്യം- ശ്രീമതി ഊർമ്മിള രാജ്. യു-വിന്റെ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2905/2025/LSGD തീയതി,തിരുവനന്തപുരം, 03-12-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം. 1910/2021/തസ്വഭവ തീയതി 5/10/2021
2. അക്കൗണ്ടന്റ് ജനറലിന്റെ 12.01.2024 തീയതിയിലെ GE19/B/236253/TFO-02/1187 നമ്പർ കത്ത്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.01.2025 തീയതിയിലെ LSGD/PD/3128/2024-DEH2നമ്പർ കത്ത്
4. സ.ഉ(സാധാ) 1083/2025/തസ്വഭവ തീയതി 29.04.2025

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ പരാമർശം (1) പ്രകാരം ടൗൺ പ്ലാനറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ഊർമ്മിള രാജ്. യു-വിന്റെ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പരാമർശം (1) പ്രകാരം ടൗൺപ്ലാനറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി. ഊർമ്മിള രാജ്.യു. 08.10.2021 പൂർവാഹ്നം മുതൽ ഹൗസിംഗ് കമ്മിഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിക്കുകയും, തുടർന്ന് നിയമനത്തിനായി കാത്തിരുന്ന 27.10.2021 മുതൽ 30.11.2021 വരെ കാലയളവിൽ വകുപ്പിന്റെ കേഡറിൽ ടൗൺ പ്ലാനർ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ പ്രസ്തുത കാലയളവ് അർഹതപ്പെട്ട അവധിയായും, 08.10.2021 - 26.10.2021 വരെ ഹൗസിംഗ് കമ്മിഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത കാലയളവ് ഡ്യൂട്ടിയായും ക്രമീകരിച്ച് പരാമർശം (4) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ മറ്റവധികളൊന്നും ടിയാൾ വിനിയോഗിച്ചിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാളുടെ സ്വഭാവവും ജോലിയും തൃപ്തികരമാണെന്നും,

ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടിയോ, വിജിലൻസ് കേസുകളോ നിലവിൽ ഇല്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ 08.10.2021 - ന് ടൗൺ പ്ലാനർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഊർമ്മിള രാജ്. യു (പെൻ: 708318)-വിന്റെ ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 13.05.2022 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
2) ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) ശ്രീമതി. ഊർമ്മിള രാജ് . യു, ടൗൺ പ്ലാനർ , തദ്ദേശ സ്വയംഭരണ വകുപ്പ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
4) അക്കൗണ്ടന്റ് ജനറൽ(എ&ഇ) /ഓഡിറ്റ്, തിരുവനന്തപുരം
5) വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി
6) ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 03-12-2025 11:05:46